അനുഭാവപൂർവ്വം പരിശോധിക്കുന്നതിനുള്ള സംവിധാനവും സന്ദർഭമുണ്ടാക്കുമെന്ന് ഞാൻ പറയുന്നു. പക്ഷേ, അതുവച്ചിട്ട് ഈ രീതിയിൽ ആരോഗ്യ വകുപ്പ് ചികിത്സയ്ക്ക് വരാതെ പോയാലോ? സർക്കാർ നോ എന്ന് പറഞ്ഞിട്ട് അതിന്റെ അടിസ്ഥാനത്തിലാണ് ചെയ്യുന്നതെങ്കിൽ മനസ്സിലാക്കാം. ഇന്നേവരെ നോ എന്നൊരാൾ പറഞ്ഞിട്ടില്ല. ഈ ഡയസ്നോൺ ആരാണ് ഇവിടെ കൊണ്ടുവന്നത്. അതുകൊണ്ട്, ആ നയത്തിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നില്ല.

(2) സ്ത്രീ പീഡനക്കേസ്സുകൾ

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, കേരളത്തെ വളരെയധികം വേദനിപ്പിച്ച ചില അനുഭവങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽ കൊണ്ടുവരുന്നതിനാണ് ഞാൻ ഈ ശ്രദ്ധ ക്ഷണിക്കൽ അവതരിപ്പിക്കുന്നത്. സാമൂഹ്യനീതിയും സദാചാരമൂല്യങ്ങളും നിലനിർത്തിക്കൊണ്ടുമാത്രമേ മനുഷ്യ സമൂഹത്തിന് സംസ്കാരസമ്പന്നരായി മുന്നേറാൻ കഴിയുകയുള്ളൂ. പരിഷ്കൃത സമൂഹത്തിനനുസൃതമായ നിയമങ്ങളും കോടതികളും നീതിനിർവ്വഹണ സംവിധാനവും നാം ഉണ്ടാക്കുന്നത് അതിനുവേണ്ടിയാണ്. കോടതികൾ സമൂഹത്തിന്റെ അവസാന ആശ്രയമാണെന്നാണ് ജനങ്ങൾ കരുതുന്നത്. നീതി ദേവതയുടെ കണ്ണ് കെട്ടിയിരിക്കുന്നത് മുഖം നോക്കാതെ നിഷ്പക്ഷനീതി ഉറപ്പുവരുത്തുമെന്നതിന്റെ പ്രതീകമായിട്ടാണ്. കോടതികൾക്ക് തെളിവുകളാണ് പ്രധാനം. പ്രമാദമായിട്ടുള്ള ചില കുറ്റകൃത്യങ്ങൾ തെളിവുകളുടെ അഭാവത്തിൽ തെളിയിക്കപ്പെടാതെ പോകുമ്പോൾ, കുറ്റവാളികൾ രക്ഷപ്പെടുമ്പോൾ മനഃസാക്ഷി മരവിച്ചുപോകാറുണ്ട്. പിന്നീട് എപ്പോഴെങ്കിലും തെളിവുകൾ മറനീക്കി പുറത്തുവരുമ്പോൾ നാം ആശ്വസിക്കാറുണ്ട്. കുറ്റകൃത്യം എത്രതന്നെ മൂടിവച്ചാലും ഒരുനാൾ പുറത്തുവരുമെന്ന് ഉപനിഷത്തുകൾ പറഞ്ഞിട്ടുണ്ട്. സത്യത്തിന്റെ മുഖം സ്വർണ്ണപ്പാത്രം കൊണ്ട് മൂടിവച്ചാലും അത് ഒരുനാൾ പുറത്തുവരുമെന്ന് പറഞ്ഞിട്ടുണ്ട്. പക്ഷേ ഇന്നത്തെ സമൂഹത്തിൽ പണത്തിനും അധികാരത്തിനും അമിതമായി സ്വാധീനം ചെലുത്താൻ കഴിയുന്നു എന്നാണ് നമുക്ക് കാണാൻ സാധിക്കുന്നത്. നീതിന്യായ കോടതികളെപ്പോലും പണം കൊടുത്ത് സ്വാധീനിക്കുന്നതിന്റെ വിവരങ്ങൾ പുറത്തുവന്നു കൊണ്ടിരിക്കുകയാണ്. അത്തരം വാർത്തകൾ തെളിവുകൾ സഹിതം രാജ്യത്തിന്റെ പല ഭാഗത്തുനിന്നും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ആദരണീയരായ പല ന്യായാധിപന്മാരും സമൂഹത്തിലെ ഉന്നത വ്യക്തികളും ഈ അപചയത്തെ വിമർശിച്ചിട്ടുണ്ട്. ഗുജറാത്ത് കലാപത്തിന്റെ ഭാഗമായി ബെസ്റ്റ് ബേക്കറി കേസിൽ സഹിതാ രഷേക്ക് എന്ന പെൺകുട്ടി തന്റെ ബന്ധുക്കളെയും സുഹൃത്തുക്കളെയും നാട്ടുകാരെയും കൺമുമ്പിൽ വച്ച് തീവ്രവാദികൾ ചുട്ടുകൊല്ലുന്നത് കണ്ടിട്ടും പിന്നീട് അവൾ ആദ്യം പറഞ്ഞ മൊഴി മാറ്റിപ്പറയുകയുണ്ടായി. പ്രതികൾ ആദ്യം രക്ഷപ്പെട്ടെങ്കിലും പിന്നീട് ഈ കുറ്റകൃത്യം തെളിയിക്കാൻ നമുക്ക് സാധിച്ചു. മലയാളിയായ മുൻ ഡി.ജി.പി.-യുടെ കൂടി സഹായത്താലാണ് അത് തെളിയിക്കപ്പെട്ടിട്ടുള്ളതെന്ന് നമുക്കറിയാം, ജാതവേദൻ നമ്പൂതിരിപ്പാട്. കേരളം അടക്കമുള്ള ഇൻഡ്യയിലെ ജനങ്ങൾ ഒരുപാട് ആശ്വസിക്കുകയും നെടുവീർപ്പിടുകയും ചെയ്തിട്ടുള്ള കാര്യമാണ് ഈ ബെസ്റ്റ് ബേക്കറി കേസ് തെളിയിക്കപ്പെട്ടു എന്നുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

ബിൽക്കിസ് ബാനു കേസ് തെളിയിക്കപ്പെട്ടത് 8 വയസ്സുകാരന്റെ യഥാർത്ഥ മൊഴിയുടെ അടിസ്ഥാനത്തിലാണ്. ഗുജറാത്തിൽ നിന്നും ആ കേസ് മാറ്റിയതിനുശേഷമാണ് ആ കേസ് തെളിയിക്കാൻ സാധിച്ചിട്ടുള്ളത്. ന്യായാധിപന്മാരെയും കോടതിയെയും സ്വാധീനിക്കാൻ സാധിക്കുന്നു എന്നതിന്റെ ഉദാഹരണമാണ് ഈ കേസും. കേരളത്തിലും ഇതിന്റെ പ്രതിഫലനം കാണുന്നു. ഇവിടെ വളരെ പ്രാധാന്യമായ ഒരു കുറ്റകൃത്യമായിരുന്നു ഐസ്ക്രീം പാർലർ കേസ്. ഈ കേസ് എന്നു പറയുന്നത് ഒരു ഐസ്ക്രീം പാർലറിനെ ചുറ്റിപ്പറ്റി നടത്തിയ കേരളത്തിലെ ഏറ്റവും വൃത്തികെട്ട ഒരു പെൺവാണിഭ കേസാണ്. ***ജനങ്ങളുടെ മനസ്സിൽ തെളിയിക്കപ്പെട്ടിട്ടുള്ള കാര്യമാണ്. ....(ബഹളം)... രജിന എന്നുപറയുന്ന ഒരു പെൺകുട്ടി ഞാൻ പറയട്ടെ..... പറഞ്ഞുകഴിഞ്ഞിട്ട്...ജനങ്ങളുടെ മനസ്സിലാണ് ഞാൻ പറയുന്നത്. പറയട്ടെ.... പറയട്ടെ.... അന്ന് ഞങ്ങളാരുമല്ല കുറ്റക്കാർ. .....അത്രയും രോഷംകൊള്ളേണ്ട കാര്യമില്ല സർ? ഞങ്ങളാരുമല്ല കുറ്റക്കാർ. രജിന എന്നു പറയുന്ന ഒരു പെൺകുട്ടി...ഞങ്ങൾ എല്ലാവരെയുമൊന്നും കുറ്റംപറയുന്നില്ല. നിങ്ങൾ മുസ്ലീംലീഗുകാർ മോശമാണെന്നൊന്നും ഞങ്ങൾ പറയുന്നില്ല. .....(ബഹളം)..... രജിന എന്നുപറയുന്ന ഒരു പെൺകുട്ടി പത്രസമ്മേളനം നടത്തിയിട്ട് .....(ബഹളം).....മുഴുവൻ പറയട്ടെ..... മുഴുവൻ പറയട്ടെ....രജിന എന്നുപറയുന്ന ഒരു പെൺകുട്ടി. .....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്.....പ്ലീസ്....

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: രജിന എന്നുപറയുന്ന പെൺകുട്ടി

മി. ഡെപ്യൂട്ടി സ്പീക്കർ: പറയട്ടെ.....പറയട്ടെ....

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: പത്രസമ്മേളനം നടത്തിയിട്ട് പറയട്ടെ....പറയട്ടെ.....(ബഹളം)....

മി. ഡെപ്യൂട്ടി സ്പീക്കർ: കാളിംഗ് അറ്റൻഷനാണ്.....പ്ലീസ്....പറയട്ടെ.... പറയട്ടെ....പ്ലീസ്....

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: രജിന എന്നുപറയുന്ന ഒരു പെൺകുട്ടി പത്രസമ്മേളനം നടത്തിയിട്ട്.....പറയട്ടെ.....പത്രസമ്മേളനത്തിൽ...

മി. ഡെപ്യൂട്ടി സ്പീക്കർ: തിരുത്തേണ്ടതുണ്ടോ എന്ന് നോക്കാം.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: പത്രസമ്മേളനം നടത്തിയിട്ട്... പറയട്ടെ....പറയട്ടെ.... ബെസ്റ്റ് ബേക്കറി കേസ് പറയുമ്പോൾ എന്താണ് മിണ്ടാതിരുന്നത്? ബിൽക്കിസ് ബാനുവിന്റെ കേസ് പറയുമ്പോൾ എന്താണ് മിണ്ടാതിരുന്നത്? .....(ബഹളം).....ഞാൻ പറയട്ടെ....പറഞ്ഞുകഴിഞ്ഞിട്ട് പറയൂ.... ഞങ്ങളാരുമല്ല പറഞ്ഞത്. പറഞ്ഞത്...രജിന എന്നുപറയുന്ന പെൺകുട്ടി.....

മി. ഡെപ്യൂട്ടി സ്പീക്കർ: ടീച്ചർ, ഇത് ശ്രദ്ധക്ഷണിക്കൽ സമയത്ത് .....

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: പത്ര സമ്മേളനം നടത്തിയിട്ടാണ് പറഞ്ഞത്.

***** ബഹുമാപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻ പ്രകാരം അവയിൽ നിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

മി. ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ.....

(ഈ സമയം പ്രതിപക്ഷാംഗങ്ങൾ ബഹളംവച്ച് സഭാനടപടികൾ തടസ്സപ്പെടുത്തിക്കൊണ്ടിരുന്നു)

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: 164 അനുസരിച്ച് കുന്ദമംഗലം....

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രദ്ധ ക്ഷണിക്കൽ സന്ദർഭത്തിൽ ഇത്തരം ആവശ്യമില്ലാത്ത വിവാദം വേണ്ട. ശ്രദ്ധ ക്ഷണിക്കലാണ്..... ശ്രദ്ധ ക്ഷണിക്കലാണ്. ബഹുമാനപ്പെട്ട അംഗങ്ങൾ ഇരിക്കുക. .....(ബഹളം)..... ഇരിക്കുക, ഇരിക്കുക. ശ്രദ്ധ ക്ഷണിക്കലാണ്. ശ്രദ്ധ ക്ഷണിക്കലിനിടയ്ക്ക് വേറെ വിവാദങ്ങളുണ്ടാക്കണ്ട. ഇരിക്കൂ....ഇരിക്കൂ... ഇരിക്കൂ... ഇരിക്ക്...

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: ക്രിമിനൽ നടപടി ചട്ടം.....

മി. ഡെപ്യൂട്ടി സ്പീക്കർ: ഇരിക്ക്.... ശ്രദ്ധ ക്ഷണിക്കലാണ്. ഇരിക്കൂ....(ബഹളം).....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്....പ്ലീസ്.... അംഗങ്ങൾ ഇരിക്കുക.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: പറയട്ടെ.....പറഞ്ഞിട്ട് പറയാം. .... (ബഹളം)...ക്രിമിനൽ നടപടി ചട്ടം 164 അനുസരിച്ച് .....(ബഹളം)...

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്....പ്ലീസ്...(ബഹളം)...

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: എനിക്ക് സമയം തരണം സർ..

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി ഇത് നിയമസഭയാണ്. വെറുതെ..... നമ്മൾ പറയേണ്ടതൊക്കെ പറഞ്ഞാൽ മതി. മോശമാണ്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: അത്രയും രോഷംകൊള്ളേണ്ട കാര്യമൊന്നുമില്ല. രോഷം കൊണ്ടിട്ട് യാതൊരു കാര്യവുമില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഇത് നിയമസഭയാണ്. അത് എല്ലാവർക്കും തോന്നണം.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: എന്തായാലും ഒരുനാൾ കുറ്റം പുറത്തുവരുമെന്നുള്ളത് ഉറപ്പാണ്. .....(ബഹളം)....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്....പ്ലീസ്....പ്ലീസ്....(ബഹളം).... പ്ലീസ്....പ്ലീസ്...ബഹുമാനപ്പെട്ട അംഗങ്ങൾ..... ബഹുമാനപ്പെട്ട അംഗങ്ങൾ സഭയിൽ ഇരിക്കുക. ഇരിക്കുക. ശിവൻകുട്ടി....സഭയിൽ ഇരിക്കുക..... (ബഹളം).....പ്ലീസ്....സഭയിൽ ഇരിക്കുക. ബഹുമാനപ്പെട്ട അംഗങ്ങൾ .... അംഗങ്ങൾ സഭയിൽ ഇരിക്കുക. പ്ലീസ്....പ്ലീസ്....(ബഹളം).....പ്ലീസ്....സഭയിൽ ഇരിക്കുക...ബഹുമാനപ്പെട്ട അംഗങ്ങൾ സഭയിൽ ഇരിക്കുക. .....(ബഹളം)..... പ്ലീസ്....പ്ലീസ്....സഭയിൽ ഇരിക്കുക. പ്ലീസ്...(ബഹളം)....പ്ലീസ്....പ്ലീസ്.... അംഗങ്ങൾ സഭയിൽ ഇരിക്കുക. പ്ലീസ്.....അവരവരുടെ സീറ്റിലേക്ക് പോയി ഇരിക്കുക. ...(ബഹളം).... പ്ലീസ്...പ്ലീസ്...അംഗങ്ങൾ സഭയിൽ ഇരിക്കുക.

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

മി. സ്പീക്കർ: ബഹുമാനപ്പെട്ട അംഗങ്ങൾ അവരവരുടെ സീറ്റുകളിലേക്ക് പോകണം. പ്ലീസ്....പ്ലീസ്...(ബഹളം)....പ്ലീസ്...പ്ലീസ്...

ഓർഡർ....ഓർഡർ..... സഭ അല്പനേരത്തേക്ക് പിരിയുന്നു.

(ശ്രദ്ധ ക്ഷണിക്കൽ പ്രമേയാവതരണത്തിനിടയിലുണ്ടായ ബഹളത്തെതുടർന്ന് സഭാനടപടികൾ തടസ്സപ്പെട്ടതിനാൽ 10.17-ന് സഭ നിർത്തിവയ്ക്കുകയും 10.52-ന് ബഹുമാനപ്പെട്ട സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും സമ്മേളിക്കുകയും ചെയ്തു.)

മി. സ്പീക്കർ: ഓർഡർ.....ഓർഡർ....ശ്രീ. സി. ടി. അഹമ്മദ് അലി.....

ശ്രീ. സി. ടി. അഹമ്മദ് അലി: സർ, ബഹുമാനപ്പെട്ട മെമ്പർ കെ. കെ. ശൈലജ ടീച്ചർ ഒരു ശ്രദ്ധ ക്ഷണിക്കൽ പ്രമേയം അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചത്** ശ്രീ. കുഞ്ഞാലിക്കുട്ടി സാഹിബിനെ സംബന്ധിച്ചിടത്തോളം ഒരു കേസ്സിലും അദ്ദേഹം ശിക്ഷിക്കപ്പെട്ടിട്ടില്ല. ഒരു കേസ്സിലും അദ്ദേഹം പ്രതിയായിരുന്നില്ല.....(ബഹളം)...

മി. സ്പീക്കർ: യെസ്.....യെസ്.....

ശ്രീ. സി. ടി. അഹമ്മദ് അലി: ഒരു കേസ്സിലും അദ്ദേഹം പ്രതിയായിരുന്നില്ല, ഒരു കേസ്സിലും ശ്രീ. കുഞ്ഞാലിക്കുട്ടി സാഹിബ് ശിക്ഷിക്കപ്പെട്ടിട്ടില്ല. അതുപോലെ തന്നെ ഐസ്ക്രീം കേസ് എല്ലാ കോടതികളിലും തള്ളപ്പെടുകയാണ് ഉണ്ടായിട്ടുള്ളത്. ഇതിലൊന്നും ശ്രീ. കുഞ്ഞാലിക്കുട്ടി സാഹിബ് പ്രതിയായിരുന്നില്ല. അതുപോലെ തന്നെ അദ്ദേഹം ശിക്ഷിക്കപ്പെട്ടിട്ടില്ല, ഒരു കേസും തെളിയിക്കപ്പെട്ടിട്ടില്ല. അങ്ങനെയുള്ള ഒരു അവാസ്തവ പ്രസ്താവന നടത്തിയപ്പോൾ ഞാൻ ഇതുസംബന്ധിച്ച് ഒരു പോയിന്റ് ഓഫ് ഓർഡർ..... സഭയിൽ അവാസ്തവ പ്രസ്താവന ശരിയല്ല എന്ന രീതിയിൽ ഞാൻ ഒരു പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ചു. അത് എനിക്ക് അനുവദിക്കപ്പെട്ടിട്ടില്ല അതുകൊണ്ട് അങ്ങോട്ടും ഇങ്ങോട്ടും വാഗ്വാദമുണ്ടായി; അതുകൊണ്ട് ഇത്തരത്തിൽ അവാസ്തവ പ്രസ്താവന ചെയ്തത് ശരിയല്ല. ശ്രീ. കുഞ്ഞാലിക്കുട്ടി സാഹിബിനെ സംബന്ധിച്ച് പരാമർശിക്കപ്പെട്ട ആ ഭാഗം പൂർണ്ണമായും രേഖയിൽ നിന്ന് നീക്കം ചെയ്യാൻ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: എന്റെ ശ്രദ്ധക്ഷണിക്കൽ ഞാൻ അവസാനിപ്പിച്ചിട്ടില്ല. ഞാൻ ഇവിടെ അവതരിപ്പിക്കുന്ന വിഷയം സ്ത്രീ പീഡന കേസ്സുകളിൽ അന്വേഷണം.....

മി. സ്പീക്കർ: അല്ല, ബഹുമാനപ്പെട്ട ടീച്ചർ ഇതുമാത്രം പറഞ്ഞാൽ മതി.....അത് അവതരിപ്പിക്കാൻ വേറെ സമയം തരാം.....

**ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ നിർദ്ദേശപ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: ഈ വിഷയവുമായി ബന്ധപ്പെട്ടാണ് സംസാരിച്ചത്. ഇത്തരം അന്വേഷണങ്ങൾ അട്ടിമറിക്കപ്പെടുന്നതിന് എതിരായി സംസാരിക്കുമ്പോൾ കേരളത്തിൽ ഉണ്ടായിട്ടുള്ള ഒരു സംഭവവുമായി ബന്ധപ്പെടുത്തി പറയാതെ ഞാൻ എങ്ങനെയാണ് ഈ വിഷയം അവതരിപ്പിക്കുക? ഞാൻ പറഞ്ഞിട്ടുള്ളത്, റജീന എന്ന് പറയുന്ന പെൺകുട്ടി, പീഡനത്തിനിരയായ പെൺകുട്ടി നടത്തിയ.....

മി. സ്പീക്കർ: യെസ്.....ശ്രീ. സി. ടി. അഹമ്മദ് അലി പറഞ്ഞ കാര്യം പറഞ്ഞിട്ടുണ്ടോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: പറഞ്ഞിട്ടുണ്ട്. വെളിപ്പെടുത്തലിൽ ***ജനങ്ങളുടെ മുമ്പാകെ ഈ കാര്യം തെളിയിക്കപ്പെട്ടിട്ടുള്ളതാണ് എന്നാണ് ഞാൻ പറഞ്ഞിട്ടുള്ളത്. അതെങ്ങനെയാണ് തെറ്റായിട്ട് മാറുക?..... (ബഹളം).....അതെങ്ങനെയാണ് തെറ്റായിട്ട് മാറുക?.....(ബഹളം).....

V. റൂളിംഗ്

മി. സ്പീക്കർ: ചെയർ പറയട്ടെ.....(ബഹളം).....ശ്രീ. സി. ടി. അഹമ്മദ് അലി ഇവിടെ പോയിന്റ് ഓഫ് ഓർഡർ ഉന്നയിച്ച്.....ബഹുമാനപ്പെട്ട അംഗങ്ങൾ ഇരിക്കണം.....ബഹുമാനപ്പെട്ട അംഗങ്ങൾ ഇരിക്കണം..... ബഹുമാനപ്പെട്ട സി. ടി. അഹമ്മദ് അലി.....ശ്രീ. അബ്ദു റബ്ബ്..... ..... ബഹുമാനപ്പെട്ട സി. ടി. അഹമ്മദ് അലി ഇവിടെ പോയിന്റ് ഓഫ് ഓർഡറിലൂടെ ഉയർത്തിയിരിക്കുന്ന കാര്യം ****എന്ന് ശ്രീമതി കെ. കെ. ശൈലജ ടീച്ചർ പറഞ്ഞിട്ടുണ്ടെന്നാണ് പറയുന്നത്, അങ്ങനെ പറഞ്ഞിട്ടുണ്ടെങ്കിൽ അത് സഭാ രേഖയിൽ നിന്ന് നീക്കുന്നതാണ്.

ഇതു സംബന്ധിച്ച് ചെയറിന് ഒരു കാര്യം പറയാനുണ്ട്. നിയമസഭാ നടപടികൾ നടന്നു വരുമ്പോൾ പ്രശ്നങ്ങൾ അവതരിപ്പിക്കുന്നതിന് പാർലമെന്ററി ജനാധിപത്യ സംവിധാനത്തിൽ നടപടിക്രമങ്ങളും കീഴ്വഴക്കങ്ങളുമുണ്ട്. അതനുസരിച്ച് ഒട്ടേറെ മാർഗ്ഗങ്ങൾ നമ്മൾ സ്വീകരിച്ചുവരുന്നുണ്ട്. ഒരു പ്രശ്നമുണ്ടാകുമ്പോൾ തന്റെ സീറ്റ് വിട്ട് മറ്റംഗങ്ങളുടെ ഇരിപ്പിടങ്ങളിലേക്ക് പോകുന്നതും വാക്കേറ്റത്തിന് മുതിരുന്നതും നല്ല പാർലമെന്ററി പ്രവർത്തനത്തിന് യോജിച്ചതല്ല. എല്ലാ അംഗങ്ങളും പരസ്പര ബഹുമാനത്തോടുകൂടിയും സഹിഷ്ണുതയോടുകൂടിയും പെരുമാറേണ്ടതാണെന്ന് ചെയർ അഭ്യർത്ഥിക്കുന്നു.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: ഞാൻ ഇവിടെ സൂചിപ്പിച്ചത് ഇത്തരത്തിലുള്ള സ്ത്രീപീഡന കേസ്സുകളിൽ മൊഴിമാറ്റുന്നതിന് പണം കൊടുത്ത് പ്രേരിപ്പിക്കുന്ന അനുഭവം ഉണ്ടാകുന്നു എന്നുള്ളതാണ്. ഞാൻ ഒരു ഉദാഹരണമായി പറയാനുദ്ദേശിക്കുന്നത്, കേരളത്തിൽ കോളിളക്കം സൃഷ്ടിച്ച ഐസ്ക്രീം പാർലർ കേസ് എന്ന് അറിയപ്പെടുന്ന സ്ത്രീപീഡന കേസ്സിൽ റജീന എന്നുപറയുന്ന പെൺകുട്ടി നടത്തിയ വെളിപ്പെടുത്തൽ മാധ്യമങ്ങളുടെ മുമ്പാകെ. ഈ സമൂഹത്തിന് മുമ്പാകെ നടത്തിയ വെളിപ്പെടുത്തലുമായി ബന്ധപ്പെട്ടിട്ടാണ്. ഈ കേസ്സിൽ നേരത്തെ കുന്ദമംഗലം കോടതിയുടെ

**** ബഹുമാനപ്പെട്ട സഭാംഗത്തിന്റെ ഉത്തരവിന് പ്രകാരം രേഖയിൽ നിന്നും നീക്കം ചെയ്തു.

മുമ്പാകെ 164-ാം വകുപ്പ് അനുസരിച്ച് രേഖപ്പെടുത്തിയ മൊഴിയുടെ പകർപ്പ് വനിതാ കമ്മീഷന്റെ കയ്യിലുണ്ട്. അന്നത്തെ നിയമസഭാ സമിതിക്ക് അത് കാണാൻ സാധിച്ചിട്ടുണ്ട്. അത് വായിച്ച് നോക്കിയാൽ കേരളത്തിന്റെ മുഖം അപമാനം കൊണ്ട് കുനിയുന്നതാണ്. അറപ്പും വെറുപ്പും ഉളവാക്കുന്ന കാര്യങ്ങളാണ് അതിനകത്ത് രേഖപ്പെടുത്തിയിട്ടുള്ളത്. അതിൽ ഞാൻ നേരത്തെ പറഞ്ഞ പേരും പരാമർശിക്കപ്പെട്ടിട്ടുണ്ട്. ശ്രീ. കുഞ്ഞാലിക്കുട്ടിയുടെ പേരും അതിനകത്ത് പരാമർശിക്കപ്പെട്ടിട്ടുണ്ട്. അത് ശരിയാണോ തെറ്റാണോ എന്ന് തെളിയിക്കേണ്ടത് നീതിന്യായ പീഠമാണ്. അതിന്റെ മുമ്പാകെ വരുന്ന തെളിവുകൾ നശിപ്പിക്കാൻ ചിലർ ഇടപെട്ടു എന്നുള്ളതാണ് ഇപ്പോൾ റൗഫ് നടത്തിയ പത്രസമ്മേളനത്തിന്റെ ഭാഗമായി വെളിപ്പെടുന്നത്. 100 രൂപയുടെ മുദ്രക്കടലാസിൽ മൊഴി രേഖപ്പെടുത്തി. സാക്ഷ്യപ്പെടുത്തിയ മൊഴി മാറ്റുന്നതിന് 2,85,000 രൂപ ശ്രീ. കുഞ്ഞാലിക്കുട്ടിക്കുവേണ്ടി റൗഫ് കൊടുത്തു എന്നാണ് ഇതിനകത്ത് പരസ്യമായി പ്രസ്താവിച്ചിട്ടുള്ളത്. ആ കാര്യം അന്വേഷണം നടത്തി തെളിയിക്കേണ്ടത് കേരളത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം അവരുടെ അവകാശമാണ്. ഈ കാര്യത്തിൽ രണ്ടുമൂന്ന് കാര്യങ്ങൾ കൂടി ശ്രദ്ധയിൽപ്പെടുത്തുകയാണ്. എങ്ങനെയാണ്.....

മി. സ്പീക്കർ: ബഹുമാനപ്പെട്ട.....

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: മറ്റൊരു ആരോപണം കൂടിയുണ്ട്. രജിന എന്നുപറയുന്ന ഈ പെൺകുട്ടി ഭ്രാന്തിയാണെന്ന് തെളിയിക്കുന്നതിനു വേണ്ടി കോഴിക്കോട് വിവേക് ഹോസ്പിറ്റലിൽ അഡ്മിറ്റ് ചെയ്തു എന്നും .....രജിനയ്ക്ക് എങ്ങനെയാണ്.....

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി.....യെസ്....

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: .....(ബഹളം).....മറ്റൊരു കാര്യം ശ്രീ. കുഞ്ഞാലിക്കുട്ടി തന്നെ മാധ്യമങ്ങളുടെ മുമ്പാകെ വെളിപ്പെടുത്തിയിട്ടുള്ളത് അധികാരത്തിൽ ഇരിക്കുമ്പോൾ വഴിവിട്ട് ചില കാര്യങ്ങൾ ചെയ്തുപോയിട്ടുണ്ട്, ഇനി ഞാൻ അത് ആവർത്തിക്കില്ലായെന്നാണ്. വഴി വിട്ട് ചില കാര്യങ്ങൾ ചെയ്തുപോയിട്ടുണ്ട് ഇനി അത് ആവർത്തിക്കില്ലായെന്ന് പറഞ്ഞാൽ വഴി വിട്ട് ചെയ്തതിനെ.....അതിന് മറയാകുന്നില്ല. അതുകൊണ്ട് എന്താണ് വഴിവിട്ട് ചെയ്തിട്ടുള്ളത്? അത് സത്യപ്രതിജ്ഞാ ലംഘനമാണ്. ഭയമോ മമതയോ വാത്സല്യമോ ദുഷ്ചിന്തയോ.....

മി. സ്പീക്കർ: യെസ്.....ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി.....

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: ..... സത്യപ്രതിജ്ഞാ ലംഘനം കൂടി ഇതിനകത്ത് അടങ്ങിയിട്ടുണ്ട്. അതുകൊണ്ട് ഈ കേസ്, ഐസ്ക്രീം പാർലർ കേസ് കേരളത്തിലെ ഒരു ഉദാഹരണമായി എടുത്തു കൊണ്ട് ഈ പറയുന്ന രജിനയുടെ മൊഴിയിലും റൗഫിന്റെ വെളിപ്പെടുത്തലിലും ശ്രീ. കുഞ്ഞാലിക്കുട്ടിയെക്കുറിച്ചടക്കം പറഞ്ഞ കാര്യങ്ങളിൽ വസ്തുതയുണ്ടോ എന്ന് അന്വേഷിച്ച്.....

LIBRARY ARCHIVES Kerala Legislative Assembly

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആഭ്യന്തര വകുപ്പുമന്ത്രി.....

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: .....കണ്ടെത്തി പ്രതികളെ കോടതി മുമ്പാകെ കൊണ്ടുവരണമെന്നാണ് എനിക്ക് പറയാനുള്ളത്..... (ബഹളം).....

മി. സ്പീക്കർ : യെസ്.....യെസ്.....പ്ലീസ്.....(ബഹളം).....

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട അംഗം കെ. കെ. ശൈലജ ടീച്ചർ ഉന്നയിച്ച പ്രശ്നം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 28-01-2011-നും 29-01-2011-നും രണ്ട് ദിവസങ്ങളിലായി ഐസ്ക്രീം പാർലർ കേസ് എന്ന് അറിയപ്പെടുന്ന നടക്കാവ് പോലീസ് സ്റ്റേഷനിലെ ക്രൈം 282/97 കേസ്സിനെക്കുറിച്ച് ചില പ്രധാനപ്പെട്ട വിവരങ്ങൾ ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ ബന്ധു കെ. എ. റൗഫ് നടത്തിയിട്ടുള്ള പത്രസമ്മേളനത്തിലൂടെയും തുടർന്നുവന്ന മാധ്യമ റിപ്പോർട്ടുകളിലൂടെയും വെളിപ്പെടുകയുണ്ടായി. ഈ വെളിപ്പെടുത്തലുകളിൽ ഉണ്ടായിരുന്ന മുഖ്യ വസ്തുതകൾ സംബന്ധിച്ച് പരിശോധിച്ചാൽ ഒന്ന്, ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിക്ക് എതിരായ ആരോപണം പിൻവലിക്കുന്നതിനുവേണ്ടി ക്രൈം നമ്പർ 282/97 കേസ്സിലെ മുഖ്യസാക്ഷികൾക്ക് വലിയ തുക നൽകിയിട്ടുണ്ട്. രണ്ട്, അഡ്വക്കേറ്റുമാരുടെ പിന്തുണയോടുകൂടി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെ സഹായിക്കുന്നതിനു വേണ്ടി കള്ളസത്യവാങ്മൂലങ്ങൾ നിർമ്മിച്ചിട്ടുണ്ട്. മൂന്ന്, മുഖ്യസാക്ഷികളുടെ വ്യാജ മൊഴികൾ ഉണ്ടാക്കുന്നതിനുവേണ്ടി കോഴിക്കോട് പുതിയറയിലെ ഒരു വീട്ടിൽ ക്രിമിനൽ ഗൂഢാലോചന നടത്തിയിട്ടുണ്ട്. നാല്, സെക്സ് റാക്കറ്റ് കേസ്സിൽ നിന്നും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിക്ക് രക്ഷനേടുന്നതിനുവേണ്ടി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ ടൂർ ഡയറിയിൽ കൃത്രിമം കാണിച്ചിട്ടുണ്ട്. അഞ്ച്, നടക്കാവ് പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 282/97 കേസ്സിന്റെ മുഖ്യസാക്ഷികൾക്ക് കേസ്സിനെതിരെ മൊഴി നൽകുന്നതിനുവേണ്ടി ചാലപ്പുറത്തുള്ള ഒരു വീട്ടിൽവച്ച് അഭിഭാഷകൻമാർ സ്റ്റഡി ക്ലാസ് നൽകിയിട്ടുണ്ട്. ആറ്, ലൈംഗിക പീഡനത്തിനിരയായ ഒരു സ്ത്രീക്ക് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ഒരു ഫ്ളാറ്റ് വാങ്ങി നൽകിയിട്ടുണ്ട്. ഏഴ്, ലൈംഗിക ചൂഷണത്തിനിരയായ ഒരു സ്ത്രീ മാനസിക രോഗിയാണെന്ന് കാണിക്കുന്ന ഒരു വ്യാജ സർട്ടിഫിക്കറ്റ് കോഴിക്കോട്ടുള്ള വിവേക് ആശുപത്രിയിൽനിന്ന് ഉണ്ടാക്കിയിട്ടുണ്ട്. എട്ട്, കോടിക്കണക്കിന് രൂപ ചെലവഴിച്ചാണ് ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി ഐസ്ക്രീം പാർലർ സെക്സ് റാക്കറ്റ് കേസ്സിൽനിന്നും രക്ഷപ്പെട്ടിട്ടുള്ളത്. ഒൻപത്, ലൈംഗിക ചൂഷണത്തിനിരയായ സ്ത്രീകളുടെ വ്യാജ സത്യവാങ്മൂലങ്ങൾ ഉണ്ടാക്കിയ അഡ്വക്കേറ്റിനെ കോഴിക്കോട് കോടതിയിൽ പബ്ലിക് പ്രോസിക്യൂട്ടറായി നിയമിച്ചിട്ടുണ്ട്. പരാതി പിൻവലിക്കുന്നതിനായി ഒരു സാക്ഷിക്ക് 2,65,000 രൂപയും മറ്റൊരു സാക്ഷിക്ക് 3,00,000 രൂപയും കോഴ നൽകിയിട്ടുണ്ട്. ഇത്രയും കാര്യങ്ങളാണ് ഇവർ വെളിപ്പെടുത്തിയിട്ടുള്ളത്. ഇപ്രകാരം പുറത്തുവന്നിട്ടുള്ള .....(ബഹളം)..... റൗഫ് എന്നുപറയുന്ന ഒരു വ്യക്തി

LIBRARY ARCHIVES Kerala Legislative Assembly

വെളിപ്പെടുത്തിയിട്ടുള്ളത്. അദ്ദേഹം ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയുടെ ബന്ധുവാണെന്ന് അവകാശപ്പെട്ടുകൊണ്ടാണ് നടത്തിയിട്ടുള്ളത്. .....(ബഹളം)..... ഇപ്രകാരം പുറത്തുവന്ന വിവരങ്ങൾ സംബന്ധിച്ച് കോഴിക്കോട് സിറ്റിയിലെ സ്പെഷ്യൽ ബ്രാഞ്ച് അസിസ്റ്റന്റ് പോലീസ് കമ്മീഷണർ, കോഴിക്കോട് സിറ്റി പോലീസ് കമ്മീഷണർക്ക് ഒരു റിപ്പോർട്ട് നൽകുകയും പ്രസ്തുത റിപ്പോർട്ടിന്മേൽ കമ്മീഷണറുടെ നിർദ്ദേശാനുസരണം കോഴിക്കോട് ടൗൺ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 59/11 അണ്ടർ സെക്ഷൻ 120(1), 109, 468, 465, 214, 193, 34 ഐ.പി.സി. പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഐസ്ക്രീം പാർലർ കേസ്സിൽനിന്നും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി രക്ഷപ്പെട്ടത് കോടിക്കണക്കിന് രൂപ ചെലവാക്കി സാക്ഷികളേയും മറ്റും സ്വാധീനിച്ചും കള്ളവായ രേഖകളുണ്ടാക്കിയും ജുഡീഷ്യറി ഉൾപ്പെടെയുള്ളവയെ സ്വാധീനിച്ചുമാണ് എന്നാണ് വെളിപ്പെടുത്തപ്പെട്ടിട്ടുള്ളത്. ബഹുമാനപ്പെട്ട ഹൈക്കോടതി ജഡ്ജിമാരായിരുന്ന ജസ്റ്റിസ് നാരായണക്കുറുപ്പും ജസ്റ്റിസ് തങ്കപ്പനും ഇതുമായി ബന്ധപ്പെട്ട് വൻതുക കൈക്കൂലി വാങ്ങിയതായ ആക്ഷേപമാണ് ഉയർന്നു വന്നിട്ടുള്ളത്. ഇതുകൂടാതെ ഫോർട്ട് പോലീസ് സ്റ്റേഷനിൽ തിരുവനന്തപുരം ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റ് കോടതിയിൽ സമർപ്പിച്ച ഒരന്യായത്തിന്റെ അടിസ്ഥാനത്തിൽ ക്രൈം 130/2011 ആയി ഒരു കേസ് രജിസ്റ്റർ ചെയ്ത് ഫോർട്ട് സർക്കിൾ ഇൻസ്പെക്ടർ അന്വേഷണം നടത്തിവരുന്നുണ്ട്. ഇതിനോടകം പുറത്തുവന്ന വസ്തുതകൾ പരിശോധിക്കുമ്പോൾ മനസ്സിലാകുന്നത് ഇത് കേവലം ലൈംഗിക ചൂഷണത്തിന്റെ മാത്രമൊരു കേസ്സല്ല. പാവപ്പെട്ട നിരാലംബരായ പെൺകുട്ടികളെ അധികാരത്തിന്റെ ഏറ്റവും ഉയർന്ന തലത്തിലുണ്ടായിരുന്ന ഒരു വ്യക്തി ലൈംഗിക ചൂഷണത്തിന് വിധേയമാക്കിയെന്നത് ഏറ്റവും ഗൗരവത്തോടുകൂടി കാണേണ്ടതാണ്. എന്നാൽ അതോടൊപ്പംതന്നെ അത്യന്തം ഗൗരവമർഹിക്കുന്ന മറ്റൊരു വസ്തുതകൂടി ഇപ്പോൾ വെളിവാകുന്നുണ്ട്. രാഷ്ട്രീയ അധികാരത്തിന്റെ തണലിൽ ലൈംഗിക ചൂഷണം നടത്തി, അത് വെളിവായപ്പോൾ നിയമ നടപടികളിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി ഹൈക്കോടതിയിലെ ജഡ്ജിമാരേയും അഡീഷണൽ അഡ്വക്കേറ്റ് ജനറൽ, അഡീഷണൽ ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻ തുടങ്ങിയവരേയും സ്വാധീനിച്ച സംഭവവും ഇപ്പോൾ വെളിപ്പെട്ടിട്ടുണ്ട്. ഒരു കുറ്റകൃത്യത്തിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി ഉന്നത ജുഡീഷ്യറിയേയും പ്രോസിക്യൂഷനേയും ഉൾപ്പെടെ സ്വാധീനിച്ചുകൊണ്ട് .....(മൈക്ക് ഓഫ്)..... സംസ്ഥാനത്തെ ക്രിമിനൽ നിയമനിർവ്വഹണ സംവിധാനത്തെതന്നെ അട്ടിമറിച്ച ഒരു സംഭവമായിട്ടാണ് ഇപ്പോൾ ഈ കാര്യങ്ങൾ പുറത്തുവന്നിരിക്കുന്നത്. നിയമവാഴ്ചയിലും ജനാധിപത്യത്തിലും വിശ്വസിക്കുന്ന എല്ലാവരും ഗൗരവപൂർവ്വം വീക്ഷിക്കേണ്ടുന്ന ഒന്നാണ് ഇത്. അതുകൊണ്ടുതന്നെ ഈ സംഭവത്തെക്കുറിച്ച് നിഷ്പക്ഷവും കാര്യക്ഷമവുമായ ഒരു അന്വേഷണം നടത്തി കുറ്റവാളികളെ അതിവേഗം വെളിച്ചത്തുകൊണ്ടുവന്ന് കർശന നിയമനടപടികൾക്ക് വിധേയമാക്കേണ്ടത് അത്യാവശ്യമാണ്. ഈ കേസ്സിന്റെ ഇത്തരത്തിലുള്ള പ്രാധാന്യം കണക്കിലെടുത്തുകൊണ്ടാണ് ഇപ്പോൾ രജിസ്റ്റർ ചെയ്ത കേസ്സുകൾ അന്വേഷിക്കുന്നതിനുവേണ്ടി ക്രൈം ബ്രാഞ്ച് മേധാവി

LIBRARY ARCHIVES Kerala Legislative Assembly

എ.ഡി.ജി.പി.-യുടെ നേതൃത്വത്തിൽ ഒരു പ്രത്യേക അന്വേഷണ സംഘത്തെ ചുമതലപ്പെടുത്തിയിട്ടുള്ളത്. ജുഡീഷ്യറിക്ക് എതിരായി ഉയർന്നുവന്നിട്ടുള്ള ആക്ഷേപങ്ങളെ സംബന്ധിച്ച നിജസ്ഥിതി പരിശോധിക്കുന്നതാണ്. അതുസംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള കാര്യങ്ങളെല്ലാം ബഹുമാനപ്പെട്ട ഹൈക്കോടതിയെ അറിയിക്കുന്നതാണ്. അഴിമതി നിരോധന നിയമപ്രകാരം എടുക്കേണ്ടുന്ന ചില പ്രശ്നങ്ങളും ഉയർന്നുവന്നിട്ടുണ്ട്. അത് വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ പരിശോധിക്കുന്നതാണ്. ഇന്ത്യാ വിഷൻ സംപ്രേക്ഷണം ചെയ്ത കാര്യങ്ങളെ സംബന്ധിച്ച സി.ഡി. ഹാജരാക്കാൻ അവരോട് ആവശ്യപ്പെട്ടിട്ടുണ്ട്. അത് അവർ നൽകുകയാണെങ്കിൽ അതിനെ സംബന്ധിച്ചുള്ള തുടർനടപടികളും സ്വീകരിക്കുന്നതാണ്. സംസ്ഥാന ഗവൺമെന്റിന് നിയമാനുസൃതമായി ചെയ്യാൻ സാധിക്കുന്ന എല്ലാ കാര്യങ്ങളും ഈ കാര്യത്തിൽ ചെയ്യുന്നതാണ്.

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: ഇന്ത്യാ വിഷനിലൂടെ പുറത്തുവന്നിട്ടുള്ള വകുപ്പ് 164 അനുസരിച്ച് മൊഴി മാറ്റിയെന്നുപറയുന്ന കാര്യം അന്വേഷിക്കുമെന്നാണ് പറഞ്ഞത്. ഈ കാര്യത്തിൽ വന്നിട്ടുള്ള ആരോപണങ്ങൾക്ക് വിധേയമായി ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെ പ്രതി ചേർത്തുകൊണ്ട് ഐസ്ക്രീം പാർലർ കേസ് അന്വേഷിക്കാൻ തയ്യാറാകുമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: നിയമാനുസൃതമായി ചെയ്യാൻ സാധിക്കുന്ന എല്ലാ കാര്യങ്ങളും ചെയ്യാൻ സംസ്ഥാന ഗവൺമെന്റ് സന്നദ്ധമായിരിക്കുകയാണ്. അതിന്റെ നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

11.00 AM]

VI. സബ്മിഷൻ

(1) ജില്ലാതല നിയമനങ്ങൾക്ക് വെയ്റ്റേജ് മാർക്ക്

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: സർ, മലബാർ ജില്ലയിലെ പി.എസ്.സി. ജില്ലാതല നിയമനങ്ങളിൽ ജോലിയിൽ പ്രവേശിക്കുന്നവരിൽ മഹാഭൂരിപക്ഷവും പ്രസ്തുത ജില്ലകളിൽനിന്നുള്ളവരല്ല. വിദ്യാഭ്യാസ സൗകര്യവും മത്സരപരീക്ഷാ പരിശീലനത്തിന്റെ അപര്യാപ്തതയുമൊക്കെ ഇതിനുകാരണമാണ്. ഇത്തരം ജില്ലാതല നിയമനങ്ങളിൽ ഒന്നാം റാങ്കുകാരനും അവസാന റാങ്കുകാരനും തമ്മിൽ പതിനഞ്ചോ ഇരുപതോ മാർക്കിന്റെ വ്യത്യാസമാണ് ഇതുമൂലം മലബാറുകാർക്ക് നിത്യം ലഭ്യമാകാതെ വരുന്നു. അഞ്ച് മാർക്ക് ഗ്രേസ് മാർക്കായി ലഭിച്ചാൽ ഇത്തരം പ്രയാസങ്ങളിൽനിന്ന് ഒരുപരിധിവരെ മലബാറിൽനിന്നുള്ള ഉദ്യോഗാർത്ഥികൾക്ക് മറികടക്കാനാകും. ഇതൊരു പ്രദേശത്തെ ഉദ്യോഗാർത്ഥിയോടുള്ള പക്ഷപാതമല്ല, തുല്യനീതിയുടെ വിഷയമാണ്. കഴിഞ്ഞ ഡിസംബർ 31-ന് പി.എസ്.സി. പുറപ്പെടുവിച്ച എൽ.ഡി.ക്ലർക്ക് പരീക്ഷയുടെ വിജ്ഞാപനത്തിൽ ഇത് ഉൾപ്പെടുത്താൻ കഴിഞ്ഞില്ലായെങ്കിലും അതിന് പ്രത്യേകമായ നടപടികളുണ്ടാകണം. കൂടാതെ രണ്ടരവർഷമായി സർക്കാരിന്റെ മുന്നിൽ ഇതുസംബന്ധിച്ച പ്രൊപ്പോസലും ഉണ്ട്. എങ്കിലും അനുകൂലമായ അടിയന്തര നടപടി ഉണ്ടാകണമെന്ന്

LIBRARY ARCHIVES Kerala Legislative Assembly